നം. NEP3/66500/2008

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം

തീയതി : 07-08-2009

## സർക്കുലർ

വിഷയം :- ഐ.ടി@സ്കൂൾ പ്രോജക്ട് - ഹൈസ്കൂളുകളിൽ ഐ.സി.ടി ഇൻ സ്കൂൾ സ്കീം നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 1. 24.10.2008-ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ NEP3-66500/2008 നമ്പർ സർക്കുലർ.

2. 04.08.2009-ൽ പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ അധ്യക്ഷതയിൽ എയിഡഡ് സ്കൂളുകളിൽ ഐസിടി പദ്ധതി നടപ്പിലാക്കുന്നതു സംബന്ധിച്ച് നടന്ന യോഗ തീരുമാനത്തിന്റെ മിനിറ്റ്സ്.

സംസ്ഥാനത്തെ എയിഡഡ് ഹൈസ്കൂളുകളിൽ ഐസിടി സ്കീം നടപ്പിലാക്കുന്നതു സംബന്ധിച്ച് സൂചന 1 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. സ്കീമിൽ ഉൾപ്പെടുന്നതിന് സംസ്ഥാന വിഹിതമായ 33000/- രൂപ (മൊത്തം സ്കീമിന്റെ 25%) പ്രതിവർഷം ഐടി@സ്കൂൾ പ്രോജക്ടിലേക്ക് അടയ്ക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇങ്ങനെ തുക അടയ്ക്കാത്ത എയിഡഡ് സ്കൂളുകളെ 2008-09 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സൂചന 2 പ്രകാരം സംസ്ഥാനത്തെ എയിഡഡ് സ്കൂളുകളിലെ ഐസിടി പദ്ധതി നിർവ്വഹണം സംബന്ധിച്ച് നടത്തിയ യോഗതീരുമാനമനുസരിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

- 2008-09 അധ്യയനവർഷം ഐസിടി സ്കീമിൽ ചേർന്നിട്ടുള്ള എയിഡഡ് സ്കൂളുകൾക്ക് പ്രതിവർഷം അടയ്ക്കേണ്ട 33000/- രൂപ ഈ വർഷം മുതൽ (2009-10) അടയ്ക്കേണ്ടതില്ല.

- 2008-09 അധ്യയനവർഷം ഐസിടി സ്കീമിൽ ചേർന്നിട്ടില്ലാത്ത എയിഡഡ് വിദ്യാലയങ്ങൾക്ക് പദ്ധതിയിൽ ചേരുന്നതിനായി സംസ്ഥാന വിഹിതമായ 33000/- രൂപ ഒറ്റത്തവണ അടച്ച് 2009-10 വർഷം മുതൽ സ്മീകിൽ ചേരാവുന്നതാണ്.

- ഐസിടി സ്കീമിൽ ഇതുവരെ ചേർന്നിട്ടില്ലാത്ത എയിഡഡ് സ്കൂളുകൾക്ക് പദ്ധതിയിൽ ചേരുന്നതിന് 2009 ഓഗസ്റ്റ് 29 വരെ അവസരം ഉണ്ടായിരിക്കുന്നതാണ്. എന്നാൽ താൽപര്യമുള്ള സ്കൂൾ അധികൃതർ 2009 ഓഗസ്റ്റ് 19-ന് മുമ്പ് **ict@itschool.gov.in** എന്ന മെയിൽ അഡ്രസിൽ പദ്ധതിയിൽ ചേരുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്. പദ്ധതി വിഹിതമായ 33000/- രൂപ 29.08.2009-ന് മുമ്പ് എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്,

പൂജപ്പുര, തിരുവനന്തപുരം-12 എന്ന വിലാസത്തിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റുമായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. 2009 ഓഗസ്റ്റ് 29-നു ശേഷം ലഭിക്കുന്ന അപേക്ഷകളോ ഡിമാന്റ് ഡ്രാഫ്റ്റുകളോ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. ഈ വർഷവും സ്കീമിൽ ചേരാത്ത സ്കൂളുകൾക്ക് പിന്നീട് അവസരം നൽകുന്നതല്ല.

- സംസ്ഥാനത്തെ സ്കൂളുകളിൽ ഐടി അധിഷ്ഠിത പഠനം പ്രാവർത്തികമാക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് അധ്യാപക പരിശീലന പരിപാടികളും കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും സ്കൂളുകളുടെ ആവശ്യകതക്കനുസരിച്ച് ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്. മാത്രമല്ല സ്കൂളുകളിലെ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ഐടി@സ്കൂൾ പ്രോജക്ട് ഹാർഡ്‌വെയർ ക്ലീനിക്കുകളും നടത്തിവരികയാണ്. ഈ സാഹചര്യത്തിൽ കമ്പ്യൂട്ടർ പഠനത്തിന്റേ പേരിലോ കമ്പ്യൂട്ടറോ അനുബന്ധ ഉപകരണങ്ങളോ വാങ്ങുന്നതിന്റെ പേരിലോ യാതൊരു കാരണവശാലും വിദ്യാർത്ഥികളിൽ നിന്നും പ്രത്യേക പണപ്പിരിവ് നടത്താൻ പാടുള്ളതല്ല. വിദ്യാർത്ഥികളിൽ നിന്നും അനധികൃതമായി ഇത്തരം പിരിവുകൾ നടത്തുന്ന സ്കൂളധികൃതർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

- സ്കൂൾ ഐടിഅഡ്വൈസറി അക്കൗണ്ടിലേക്ക് തുക സമാഹരിക്കുന്നതു സംബന്ധിച്ചും അതിന്റെ ഉപയോഗം സംബന്ധിച്ചും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത തുകയുടെ ഉപയോഗം സംബന്ധിച്ച വിവരങ്ങൾ സ്കൂളുകളിൽ കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഐടി അഡ്വൈസറി അക്കൗണ്ടിലെ തുക ചെലവഴിച്ചതു സംബന്ധിച്ച പരിശോധന ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നടത്തുന്നതാണ്.

7/8/09

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

1. എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി@സ്കൂൾ പ്രോജക്ട്
2. എല്ലാ ഡിഡിഇ/ഡിഇഒ-മാർക്കും
3. ഐടി@സ്കൂൾ പ്രോജക്ടിലെ എല്ലാ ജില്ലാ കോർഡിനേറ്റർമാർക്കും
4. എല്ലാ എയിഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും